"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 20-05-2021

**സർക്കുലർ നം 33**

ജയിൽ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കോവിഡ് പരിശോധനയും കോവിഡ് പ്രതിരോധ വാക്സിനും നൽകുന്നതിനെ കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും വിവിധ സർക്കുലറുകൾ മുഖാന്തിരം കർശന നിർദ്ദേശം നൽകിയിരുന്നു. ഏപ്രിൽ മാസത്തിൽ 5,000-ൽ അധികമുള്ള എല്ലാ അന്തേവാസികൾക്കും പരിശോധന നടത്തിയിരുന്നുവെങ്കിലും ചില സ്ഥാപനങ്ങളിലൊഴിച്ച് റഗുലർ പരിശോധനകൾ നിശ്ചിത ഇടവേളകളിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മേയ് മാസം തന്നെ 45 വയസ്സിന് മുകളിലുള്ള എല്ലാ അന്തേവാസികൾക്കും കുത്തി വയ്പ്പ് നടത്തണമെന്ന് നിർദ്ദേശമുണ്ടായിട്ടും 1007 പേർക്ക് മാത്രമാണ് കുത്തിവയ്പ്പ് എടുത്തിട്ടുള്ളത്. ഇത് ആകെ സംഖ്യയുടെ 20% മാത്രമാണ്. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച് നടത്തിയ പരിശോധനയിൽ മിക്ക ജയിൽ സൂപ്രണ്ടുമാരും വാക്സിൻ രജിസ്ട്രേഷന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വെളിവായിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിലെ 235 പേരുൾപ്പെടെ ആകെ 308 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാക്സിനേഷന് ആവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിച്ചത് തിരുവനന്തപുരം സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ചില സ്ഥാപനങ്ങൾ മാത്രമാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാരുമായും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കണമെന്ന് ആവർത്തിച്ച് നിർദ്ദേശിച്ചിട്ടും അവർക്ക് കത്ത് മാത്രം നൽകി കാത്തിരിക്കുന്ന സ്ഥിതിയാണ് പലരും അവലംബിച്ച് കാണുന്നത്.

ലോക വ്യാപകമായി കോവിഡ് മഹാമാരിക്കെതിരെ കർശന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ച് വരുമ്പോൾ കേരളത്തിലെ ജയിൽ സ്ഥാപനങ്ങളിൽ പിന്തുടരേണ്ട നടപടികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും അലംഭാവം തുടരുന്നത് അതീവ ഗൌരവമായി കാണുന്നു, **അതിനാൽ 2021 മേയ് 31-ന് മുമ്പായി 45 വയസ്സിന് മുകളിലുള്ള എല്ലാ തടവുകാർക്കും വാക്സിനേഷൻ നടത്തേണ്ടതും ജൂൺ 15-നുള്ളിൽ മുഴുവൻ പേർക്കും വാക്സീൻ പൂർത്തികരിക്കേണ്ടതുമാണ്. ടെസ്റ്റിംഗ്, പോസിറ്റീവ് കേസ്, വാക്സിൻ രജിസ്ട്രേഷൻ, വാക്സിനേഷൻ എന്നിവയുടെ സ്റ്റാറ്റസ് കൃത്യമായി പ്രിസൺ കൺട്രോൾ റൂമിൽ അറിയിക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.**

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

DIG(HQ)-12449/2021/PrHQ

ecd7a6

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖല.